പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 12 10-12-2012 -ൽ മറുപടിക്ക്.

## കള്ള് ഉല്പാദനവും വിപണനവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ലതിക<br>ശ്രീ. കെ.കെ. നാരായണൻ<br>" വി. ചെന്താമരാക്ഷൻ<br>" കെ. വി. വിജയദാസ് | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കള്ള് ഉല്പാദനവും വിപണനവും നിരോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. പരമ്പരാഗത വ്യവസായമെന്ന നിലയിൽ, കള്ള് വ്യവസായത്തെയും അതുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്നതിനും, കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രമേ വില്പന നടത്തുന്നുള്ളൂ എന്ന് ഉറപ്പു വരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആയതിനാൽ, കള്ളിന്റെ ഉല്പാദനവും വിപണനവും നിരോധിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. |
| (ബി) | കള്ള് ഉല്പാദനം സംബന്ധിച്ച് അംഗീകരിച്ച ഉദയഭാനു കമ്മീഷൻ ശുപാർശകൾ എന്തായിരുന്നു; | (ബി) | ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ കള്ള് ഉല്പാദനം സംബന്ധിച്ച ശുപാർശകൾ താഴെ ചേർക്കുന്നു.<br>1. കള്ളിന്റെ ഉല്പാദന-വിതരണ ചുമതല, ചെത്തു തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്കായിരിക്കണം. ഇവ താലൂക്കടിസ്ഥാനത്തിലാവാം. ഇവയ്ക്കെല്ലാം ധനസഹായം ചെയ്യുന്നതിനും മാർഗ്ഗ നിർദ്ദേശം നല്കുന്നതിനും ഒരു കേന്ദ്ര സംഘം ഉണ്ടായിരിക്കണം.<br>2. കേന്ദ്ര സൊസൈറ്റിക്ക് കള്ള് കേടുകൂടാതെ കുപ്പിയിൽ അടച്ച് സൂക്ഷിക്കുന്നതിനുള്ള ഗവേഷണവും, കയറ്റുമതി ചെയ്യുന്നതിനുള്ള അന്വേഷണവും നടത്താവുന്നതാണ്.<br>3. ചാരായത്തിന്റെയും വീര്യംകൂടിയ മദ്യത്തിന്റെയും ഉപഭോഗത്തിൽ നിന്ന് താരതമ്യേന നിർദ്ദോഷമായ കള്ളിന്റെ ഉപഭോഗത്തിലേയ്ക്ക് ആളുകളെ തിരിച്ചു കൊണ്ടുവരുന്നതിന്, കള്ളുഷാപ്പുകൾ വെടിപ്പും വൃത്തിയും ഉള്ള |

ഫർണിഷ്ഡ് സ്ഥലങ്ങളിലാക്കണം. സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന സൗകര്യങ്ങളുള്ള സ്ഥലത്തേ, കള്ളുഷാപ്പും ചാരായ ഷാപ്പും അനുവദിക്കാവൂ എന്ന് വ്യവസ്ഥ ചെയ്യണം. ക്രമേണ ഷാപ്പ് കെട്ടിടങ്ങൾ സർക്കാർ തന്നെ നിർമ്മിച്ചുകൊടുക്കുന്ന സംവിധാനം ഉണ്ടാക്കുകയും, സർക്കാർ നല്കുന്ന കെട്ടിടത്തിലേ ഷാപ്പുകൾ നടത്തൂ എന്ന വ്യവസ്ഥയുണ്ടാക്കുകയും വേണം.

4. കള്ള് ഡീപ്പ് ഫ്രീസറിൽ സൂക്ഷിക്കുന്നത്, കൂടുതൽ പുളിക്കാതെയും ലഹരിക്കാതെയും ഇരിക്കുന്നതിനും, സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനും സഹായിക്കും. അതിനാൽ, ഡീപ്പ് ഫ്രീസറിനുള്ള സജ്ജീകരണം ഉണ്ടാകണം.

5. പുളിച്ച കള്ളിൽ നിന്ന് പുളിക്കാത്ത മധുര കള്ളിലേക്ക് ആളുകളുടെ അഭിരുചി പരിണമിപ്പിച്ചെടുക്കുവാനുള്ള പ്രോൽസാഹനം നൽകണം. കുപ്പിയിൽ അടച്ച്, ഡീപ്പ് ഫ്രീസറിൽ വച്ച് നല്കുന്ന കള്ളിന് പ്രിയം വർദ്ധിക്കാനുള്ള എല്ലാ സാദ്ധ്യതകളും ഉണ്ട്. ഇത് ഒരു വിധത്തിലും തൊഴിലിനെ പ്രതികൂലമായി ബാധിക്കുകയില്ല. അനുകൂലമായി സഹായിക്കുകയും ചെയ്യും. ഇതിന്, നീര കോ ഓപ്പറേറ്റീവ് തന്നെ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

6. കള്ളുഷാപ്പുകളിൽ ചാരായവും വിദേശ മദ്യവും വിൽക്കുന്നത് ജയിൽ ശിക്ഷ നൽകുന്ന കുറ്റമായി, അബ്കാരി നിയമത്തിൽ വ്യവസ്ഥ ചെയ്യണം.

(സി) പരമ്പരാഗത കള്ളുചെത്ത് വ്യവസായരംഗത്ത് എത്ര തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ടെന്നും എത്ര നാളികേര കൃഷിക്കാർ ഈ രംഗത്തുണ്ടെന്നും വിശദമാക്കുമോ?

(സി) കള്ളുചെത്ത് വ്യവസായരംഗത്ത് 33650 തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. ഈ രംഗത്തുള്ള നാളികേര കർഷകരുടെ കണക്ക് ലഭ്യമല്ല.

സെക്ഷൻ ആഫീസർ